**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

------------------ ----------------------------------------

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ഏപ്രിൽ 23 ചൊവ്വ**

------------------ ----------------------------------------

# തിരക്ക് നിയന്ത്രിച്ചും സുരക്ഷ ഒരുക്കിയും സ്പെഷ്യൽ പോലീസ് കേഡറ്റുകൾ

ആലപ്പുഴ:ആലപ്പുഴ ലോക്സഭ മണ്ഡലത്തിൽ പല ബൂത്തുകളിലും വോട്ട് രേഖപ്പെടുത്താൻ നീണ്ട നിര തന്നെയായിരുന്നു കണ്ടത് .എന്നാൽ തിരക്കിന്റെ ബുദ്ധിമുട്ടുകൾ വോട്ടർമാരെ അറിയിക്കാതെ നിയന്ത്രണം ഏറ്റെടുത്തത് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി പ്രത്യേകം നിയോഗിച്ചിരുന്ന സ്പെഷ്യൽ പോലീസ് കേഡറ്റുകളായിരുന്നു. ശാരീരിക അവശതയുള്ള വോട്ടർമാരെ കൈപിടിച്ചു പോളിംഗ് സ്റ്റേഷനുകളിലേക് എത്തിക്കുക, തിരക്ക് അധികമാകുമ്പോൾ ,വോട്ടർമാർക് വേണ്ട നിർദ്ദേശങ്ങൾ നൽകി നിയന്ത്രിക്കുക തുടങ്ങിയ കാര്യങ്ങൾ വളരെ കൃത്യതയോടെയാണ് കേഡറ്റുകൾ പോളിങ് ബൂത്തുകളിൽ നിർവഹിച്ചത് .മണ്ഡലത്തിലെ എല്ലാ ബൂത്തുകളിലും ഓരോ കേഡറ്റുകളെ വീതം നിയോഗിച്ചത് തിരക്ക് നിയന്ത്രിക്കുന്നതിലും വോട്ടർമാരുടെ സുഗമമായ വോട്ടിങ്ങിനും പോലീസ് സേനക്കും ഏറെ സഹായകരമായി. എൻ .സി .സി, എൻ .എസ് .എസ് ,സ്കൗട്ട് ,തുടങ്ങിയവയിൽ നിന്നും തിരഞ്ഞെടുത്ത സ്റ്റുഡന്റ്സ് കേഡറ്റുകൾ ,സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന യുവാക്കൾ എന്നിവരെയാണ് സ്പെഷ്യൽ പോലീസ് കേഡറ്റ് ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നത് .

# വോട്ട് ചെയ്യാനെത്തിയവർക്ക് പുത്തൻ അനുഭവമായി മാതൃക പോളിങ് ബൂത്തുകൾ

ആലപ്പുഴ: വോട്ട് ചെയ്യാൻ എത്തിയവർക്ക് വ്യത്യസ്തമായ അനുഭവമാണ് മാതൃക പോളിങ് സ്റ്റേഷനുകളിൽ ഒരുക്കിയിരുന്നത്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ നായർ സമാജം സ്കൂൾ, കുട്ടംപേരൂർ ശ്രീ കാർത്തിയായനി വിലാസം ഹൈസ്കൂൾ, ഗവ. യു.പി. ഗേൾസ് സ്കൂൾ കിഴക്കേനട, ജൂനിയർ ബേസിക്ക് സ്കൂൾ തോനക്കാട്, ജൂനിയർ ബേസിക്ക് സ്കൂൾ ഉൾപ്പടെ ജില്ലയിൽ 45 കേന്ദ്രങ്ങളിലാണ് മാതൃക ബൂത്തുകൾ സജ്ജമാക്കിയിരുന്നത്. ഓരോ നിയോജകമണ്ഡലത്തിലും അഞ്ചു വീതം ബൂത്തുകളെയാണ് ഇത്തരത്തിൽ മാതൃക ബൂത്തുകളാക്കിയത്. വോട്ട് ചെയ്യാനെത്തുന്നവർക്ക് ഫാൻ- കൂളർ സൗകര്യങ്ങളോട് കൂടിയ വിശ്രമ മുറി, കുടിവെള്ള സൗകര്യം, ദിശാസൂചകങ്ങൾ, ശുചിമുറികൾ, മുതിർന്നപൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്കായി സഹായികൾ എന്നിവയും ഇവിടെ ഒരുക്കിയിരുന്നു. ആദ്യമായി സമ്മതിദാന അവകാശം രേഖപ്പെടുത്താൻ എത്തിയവരുൾപ്പെടെ മികച്ച അഭിപ്രായമാണ് മാതൃക പോളിങ് സ്റ്റേഷനുകളെക്കുറിച്ച് പറയാനുള്ളത്.

# രാവിലെയെത്തി ജനനായകർ

ആലപ്പുഴ : ജില്ലയിൽ നിന്നുള്ള ജനനേതാക്കൾ കുടുംബലസമേതമെത്തി വോട്ടു ചെയ്തു. ജില്ലയിൽ നിന്നുള്ള മൂന്നു മന്ത്രിമാരും പ്രതിപക്ഷനേതാവും ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനും ഉൾപ്പടെയുള്ള ജനനായകർ, ആദ്യകേരള മന്ത്രിസഭയിലെ വനിത പ്രതിനിധി തുടങ്ങി ജില്ലയുടെ ജനനായകരെല്ലാം രാവിലെ തന്നെ വോട്ടു ചെയ്യാനെത്തി. നൂറാം വയസിലും ആദ്യവോട്ടിന്റെ ആവേശത്തോടെയാണ് ഗൗരിയമ്മ എസ്.ഡി.വി. സ്കൂളിലെ 206-ാം നമ്പർ ബൂത്തിൽ ബന്ധുക്കൾക്കൊപ്പം വോട്ടുചെയ്യാനെത്തിയത്.

പറവൂർ ഗവ. എച് എസ് പറവൂരിലെ 87-ാം നമ്പർ ബൂത്തിൽ പൊതുമരാമത്തുമന്ത്രി ജി സുധാകരൻ രാവിലെ ഏഴിന് ബൂത്തിലെ ആദ്യവോട്ടു തന്റേതാക്കി. ഭാര്യ ജൂബിലി നവപ്രഭ, മകൻ നവനീത് എന്നിവർക്കൊപ്പമാണ് മന്ത്രി വോട്ടുചെയ്യാനെത്തിയത്. ധനമന്ത്രി ഡോ.ടി.എം തോമസ് ഐസക്ക് ആലപ്പുഴ എസ്.ഡി.വി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ ബൂത്തിൽ രാവിലെ ഒമ്പതോടെ വോട്ടു ചെയ്തു.

ഭക്ഷ്യമന്ത്രി പി.തിലോത്തമൻ അഴീപറമ്പ് വി.വി. ഗ്രാമത്തിലെ ഉത്പാദന പരിശീലന കേന്ദ്രത്തിലെ 106-ാം ബൂത്തിൽ രാവിലെ തന്നെ വോട്ടു ചെയ്തു. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയും കുടുംബവും തൃപ്പെരുന്തുറ ഗവ.യു.പി.സ്കൂളിലെ 152-ാം ബൂത്തിൽ കുടുംബത്തോടൊപ്പമെത്തിയാണ് രാവിലെ തന്നെ വോട്ടു ചെയ്തത്. കേരള ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാൻ വി എസ് അച്യുതാനന്ദൻ പറവൂർ ഗവ. എച്.എസിലം 86-ാം ബൂത്തിൽ വോട്ടുചെയ്തു. മകൻ അരുൺ കുമാറിന്റെ സഹായത്തോടെയാണ് വോട്ട് ചെയ്യാൻ എത്തിയത്. സംവിധായകൻ ഫാസിലും മകൻ ഫഹദ് ഫാസിലും സെന്റ് സെബാസ്റ്റൻസ് എൽ. പി.സ്കൂളിലെ 209-ാം ബൂത്തിൽ വോട്ടു രേഖപ്പെടുത്തി.

# സ്ത്രീ സൗഹൃദം അന്വർത്ഥമാക്കിയ ബൂത്തുകൾ

ആലപ്പുഴ: സ്ത്രീസൗഹൃദം അന്വർഥമാക്കി ജില്ലയിലെ പിങ്ക് പോളിങ് ബൂത്തുകൾ. ഒമ്പതു നിയമസഭ മണ്ഡലങ്ങളിലുമായി 45 സ്ത്രീസൗഹൃദ ബൂത്തുകളാണ് ഈ തിരഞ്ഞെടുപ്പിൽ ഒരുക്കിയിരുന്നത്. പ്രിസൈഡിംഗ് ഓഫീസർ, പൊലീസ് ഉൾപ്പെടെ പോളിങ് ജോലിക്കെത്തിയവരെല്ലാം വനിതകളായിരുന്നു. ചില സൗഹൃദ ബൂത്തുകളിൽ രാഷ്ട്രീയ പാർട്ടികളുടെ ഏജന്റുമാരായെത്തിയതും വനിതകളായിരുന്നുവെന്നത് കൗതുകമായി.

വോട്ടു ചെയ്യാൻ എത്തിയ പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും ഒരു തരത്തിലുമുള്ള ബുദ്ധിമുട്ടു ഉണ്ടാകാതെ വോട്ടു ചെയ്തു മടങ്ങാനാവശ്യമായ എല്ലാ സൗകര്യവും ഇവിടെ ഒരുക്ക ുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു, സ്ത്രീ സൗഹൃദ പോളിംഗ് ബുത്തുകളെന്നത് വാക്കിലും പ്രവവർത്തിയിലും അന്വർത്ഥമാക്കിയായിരുന്നു ബൂത്തുകളുടെ പ്രവർത്തനം. മിക്കയിടങ്ങളിലും രാവിലെ തന്നെ മികച്ച പോളിങ് അനുഭവപ്പെട്ടു. മാവേലിക്കര ലോക്സഭ മണ്ഡലത്തിലെ മാവേലിക്കര, ചെങ്ങന്നൂർ, കുട്ടനാട് നിയോജക മണ്ഡലങ്ങളിലെ സ്ത്രീ സൗഹൃദ പോളിംഗ് ബുത്തുകളിലെ പ്രവർത്തനം മികച്ച തരത്തിലായിരുന്നു,

## ബാലറ്റ് യൂണിറ്റ് മാറ്റം: പിശകുണ്ടായില്ലെന്ന് കളക്ടർ

ആലപ്പുഴ: ആലപ്പുഴ ലോകസഭ മണ്ഡലത്തിലെ ചേർത്തല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 88-ാം നമ്പർ ബൂത്തിൽ പോളിങ് ആരംഭിക്കുന്നതിനുമുമ്പ് മോക്ക്പോൾ നടത്തിയപ്പോൾ ബാലറ്റ് യൂണിറ്റിൽ പ്രസ് ഏറർ സംഭവിച്ചതുമൂലമാണ് ബാലറ്റ് യൂണിറ്റ് മാറ്റിയിട്ടുള്ളതെന്നും മാധ്യമങ്ങളിൽ പ്രചരിച്ചതുപോലെ ഒരു പിശകും സംഭവിച്ചിട്ടില്ലെന്നും ജില്ല തിരഞ്ഞെടുപ്പ് ഓഫീസറായ ജില്ല കളക്ടർ അറിയിച്ചു

## മത്സ്യത്തൊഴിലാളികൾ 25ന് കടലിൽ പോകരുത്

ആലപ്പുഴ: ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖ പ്രദേശത്തും അതിനോട് ചേർന്നുള്ള തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും ശ്രീലങ്കയുടെ തെക്കുകിഴക്കുമായി ഏപ്രിൽ 25ന് ന്യൂനമർദ്ദം പ്രതീക്ഷിക്കുന്നതായി കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഇതുമൂലം ഏപ്രിൽ 25നും ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖ പ്രദേശത്തും അതിനോട് ചേർന്നുള്ള തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും കാറ്റിന്റെ വേഗത മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയാവാനും ഏപ്രിൽ 26നും കാറ്റിന്റെ വേഗത മണിക്കൂറിൽ 40 മുതൽ 55 കിലോമീറ്റർ വരെയാവാനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ ഏപ്രിൽ 25നും 26നും ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഭൂമധ്യരേഖ പ്രദേശത്തും അതിനോട് ചേർന്നുള്ള തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിലും മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകി.